KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.45/PR/PIC/PHQ/17 Date : 08.03.2017

---

## വേനൽച്ചൂട്: ട്രാഫിക് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകാൻ ഫണ്ട് അനുവദിച്ചു

ട്രാഫിക് മാനേജ്മെന്റ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ട്രാഫിക് വാർഡൻമാർക്കും കുടിവെള്ള വിതരണത്തിന് സൗകര്യമൊരുക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി. കേരളത്തിൽ ക്രമാതീതമായി ചൂട് കൂടുന്ന സാഹചര്യത്തിലും ഉത്സവ സീസൺ ആയതിനാലും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരും ട്രാഫിക് ഡ്യൂട്ടിയിലും മറ്റ് പുറം ജോലികളിലുമായിരിക്കും. അതുകൊണ്ടുതന്നെ ചൂടു ഏൽക്കുന്നതിനും നിർജ്ജലീകരണത്തിനും സാധ്യത വളരെ കൂടുതലാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനം. ഇതിനായി പോലീസ് ആസ്ഥാനത്തെ വെൽഫയർ ഫണ്ടിൽ നിന്നും എല്ലാ റേഞ്ച് ഐ.ജി.മാർക്കും ഫണ്ടും അനുവദിച്ചു. തിരുവനന്തപുരം റേഞ്ച് 1,25,000/- രൂപ, കൊച്ചി റേഞ്ച് 1,00,000/- രൂപ, തൃശൂർ റേഞ്ച് 1,00,000/- രൂപ, കണ്ണൂർ റേഞ്ച് 1,00,000/- രൂപ എന്നിക്രമത്തിലാണ് ഫണ്ട് അനുവദിച്ചത്.

സിറ്റി, റൂറൽ, അർബൻ പ്രദേശങ്ങളിൽ ട്രാഫിക് ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ട്രാഫിക് വാർഡൻമാർക്കും കൃത്യമായ ഇടവേളകളിൽ കുടിവെള്ളം ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഐ.ജി.മാർ ഉറപ്പുവരുത്തണം. കുടിവെള്ളവിതരണത്തിന് പ്ലാസ്റ്റിക് ബോട്ടിലുകൾ ഉപയോഗിക്കരുതെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

********